ഉത്തരം

(എ) ഉണ്ട്.

(ബി) 12 മീറ്റർ വീതിയിൽ ഈ റോഡ് വികസിപ്പിക്കുന്നതിനുവേണ്ടി 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

കോഴിക്കോട്-പാലാഴി-പൊറ്റമ്മൻ റോഡിൽ ഡ്രെയിനേജ് നിർമ്മിക്കാനും അറ്റകുറ്റപ്പണികൾ നടത്താനും നടപടി

133 [1364] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഒന്നാം നിയോജകമണ്ഡലത്തിൽപ്പെട്ട പാലാഴി-പൊറ്റമ്മൻ റോഡിൽ ഡ്രെയിനേജ് നിർമ്മിക്കാനും അറ്റകുറ്റപ്പണികൾ നടത്താനും പ്ലാനും എസ്റ്റിമേറ്റും പി. ഡബ്ല്യു. ഡി. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടില്ലെങ്കിൽ അത് തയ്യാറാക്കാൻ അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ & ബി) പ്രസ്തുത റോഡിലെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. ആവശ്യമായ ഭാഗങ്ങളിൽ ഡ്രെയിനേജ് സൗകര്യങ്ങൾ ഇപ്പോൾ തന്നെ നിലവിലുള്ള തിനാൽ കൂടുതലായി ഡ്രെയിനേജ് സൗകര്യങ്ങളോ മറ്റ് പണികളോ നടത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

ഫറോക്ക് പഴയ പാലത്തിന്റെ അപകടാവസ്ഥയ്ക്ക് പരിഹാരം

134 [1365] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് പഴയ പാലത്തിന്റെ അപകടാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലം പുതുക്കി പണിയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതുക്കി പണിയേണ്ടതായി കണ്ടെത്തിയ പാലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി) 1. ബാലുശ്ശേരി ജംഗ്ഷൻ പാലം
2. കുപ്പായക്കോട് പാലം
3. കടയങ്ങാട് പാലം
4. തൊട്ടിൽ പാലം
5. കല്ലംപാറ പാലം
6. മുരിയോട് പാലം

എന്നിവയാണ് കോഴിക്കോട് ജില്ലയിൽ പുതുക്കി പണിയേണ്ടതായി കണ്ടെത്തിയിട്ടുള്ളത്.

നൂറാടിപ്പാലം പുതുക്കി പണിയാൻ നടപടി

135 [1366] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളിൽ ഒന്നായ മലപ്പുറം കോട്ടക്കൽ റോഡിലെ നൂറാടിപ്പാലം തകർന്നതിന്റെ ഫലമായി ഈ റോഡിലൂടെയുള്ള ഗതാഗതം തടസ്സപ്പെട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ടൗണിൽനിന്ന് ദേശീയ പാതയിലേക്കും തെക്കൻ ജില്ലകളിലേക്കുമുള്ള പ്രധാന ഗതാഗതമാർഗ്ഗമായ ഈ റോഡിലെ പാലം അടിയന്തിരമായി പുതുക്കി പണിയാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തിരമായി ഒരു ബെയ്‌ലി പാലം നിർമ്മിക്കുന്നതിന് കേന്ദ്രപ്രതിരോധ വകുപ്പിനോട് ആവശ്യപ്പെടാൻ നടപടി സ്വീകരിക്കുമോ?

2/196/2013—22.

LIBRARY ARCHIVES Kerala Legislative Assembly